REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭരണഘടന മുഖ്യ ശില്പി ഭാരതരത്ന ഡോ. BR. അംബേദ്കറുടെ 69-ാം ചരമവാർഷികമായ ഇന്ന് രാജ്യം മഹാപരിനിർവാൺ ദിവസായി ആചരിക്കുന്നു.**
- **രാഷ്ട്രപതി ദ്രൗപതി മുർമു ഭുവനേശ്വറിൽ ഡോ. BR. അംബേദ്കർക്ക് പുഷ്പാഞ്ജലി അർപ്പിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **റിസർവ് ബാങ്ക് പുതിയ ദ്വൈമാസ സമ്പത്തികനയം പ്രഖ്യാപിച്ചു. റിപ്പോ - റിവേഴ്സ് റിപ്പോ നിരക്കുകളിൽ മാറ്റമില്ല.**
- **വയനാട് മുണ്ടക്കൈ,ചൂരൽ മല ദുരന്തത്തിൽ സംസ്ഥാനം വിശദനിവേദനം നൽകിയത് വളരെ വൈകിയാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.**
- **ഇന്ത്യ- ഓസ്ട്രേലിയ, ബോർഡർ - ഗവാസ്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ബാറ്റിംഗ് ആരംഭിച്ചു.**

## വാർത്തകൾ വിശദമായി

ഭരണഘടന മുഖ്യ ശില്പി ഭാരതരത്ന ഡോ. BR. അംബേദ്കറുടെ 69-ാം ചരമവാർഷികമായ ഇന്ന് രാജ്യം മഹാപരിനിർവാൺ ദിവസായി ആചരിക്കുന്നു. രാഷ്ട്രനിർമ്മാണത്തിൽ ഡോ.അംബേദ്കറുടെ സംഭാവനകൾ ഉയർത്തിക്കാട്ടുന്നതിന് രാജ്യത്ത് നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള എന്നിവർ ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് സമുച്ചയത്തിലെ പ്രേരണ സ്ഥലത്ത് അംബേദ്കറിന് പുഷ്പാർച്ചന നടത്തി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മറ്റ് പാർലമെന്റ് അംഗങ്ങൾ തുടങ്ങി നിരവധി പ്രമുഖരും പ്രേരണ സ്ഥലത്ത് പുഷ്പാഞ്ജലി അർപ്പിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഭുവനേശ്വറിൽ ഡോ. BR. അംബേദ്കർക്ക് പുഷ്പാഞ്ജലി അർപ്പിച്ചു. AG. സ്ക്വയറിലെ അംബേദ്കർ പ്രതിമയിലാണ് രാഷ്ട്രപതി പുഷ്പാർച്ചന നടത്തിയത്. സമത്വത്തിനും ജാതി വിവേചനം ഇല്ലാതാക്കുന്നതിനും അംബേദ്കർ നൽകിയ സംഭാവനകളെ രാഷ്ട്രപതി അനുസ്മരിച്ചു. അഞ്ചുദിവസത്തെ ഒഡീഷ സന്ദർശനം തുടരുന്ന രാഷ്ട്രപതി ഉച്ചകഴിഞ്ഞ് അവരുടെ ജന്മസ്ഥലമായ മയൂർഭഞ്ച് ജില്ലയിലെ ഉപർബെഡ സന്ദർശിക്കും. ഇന്നും നാളെയും മയൂർഭഞ്ച് ജില്ലയിലെ നിരവധി പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ഡോ. BR അംബേദ്കറുടെ 69 ചരമവാർഷിക ദിനത്തിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ സ്പീക്കർ AN ഷംസീർ പുഷ്പാർച്ചന നടത്തി. വാച്ച് ആൻഡ് വാർഡ് നൽകിയ ഗാഡഫോണർ പരിശോധിച്ച ശേഷം സ്പീക്കർ അംബേദ്കർ പ്രതിമയ്ക്ക് മുന്നിലെത്തി പുഷ്പാർച്ചന നടത്തി. നിയമസഭാ സെക്രട്ടറിയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും അനുഗമിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഇന്ന് ഉദ്ഘാടനം ചെയ്യും. എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സംസ്കാരം, തുണി വ്യവസായം, കരകൗശല വസ്തുക്കൾ, വിനോദസഞ്ചാര സാധ്യതകൾ, അതുല്യമായ ഉൽപ്പന്നങ്ങൾ എന്നിവ മൂന്ന് ദിവസത്തെ ഉത്സവത്തിൽ പ്രദർശിപ്പിക്കും.

എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഈ ഉത്സവത്തെ അഷ്ടലക്ഷ്മി എന്നറിയപ്പെടുന്നത്. വടക്കുകിഴക്കൻ മേഖലയിലെ കരകൗശല തൊഴിലാളികൾക്കും നെയ്ത്തുകാർക്കും വ്യവസായ സംരംഭകർക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ മഹോത്സവം സഹായകമാകും എന്നാണ് വിലയിരുത്തൽ.

✪✪✪

ക്ഷയരോഗം മൂലമുണ്ടാകുന്ന മരണങ്ങളും മറ്റു വെല്ലുവിളികളും നിയന്ത്രിക്കുന്നതിന് രാജ്യത്ത് 100 ദിവസത്തെ ബൃഹത് കാമ്പെയ്നിന് നാളെ തുടക്കമാകും. കേന്ദ്ര മന്ത്രി JP നദ്ദ ഹരിയാനയിൽ കാമ്പയിൻ ഉദ്ഘാടനം ചെയ്യും. 33 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 347 ജില്ലകളിൽ പദ്ധതി നടപ്പിലാക്കും. രോഗം കണ്ടെത്തുന്നതിന് പരിശോധനകൾ വർദ്ധിപ്പിക്കുക, ദുർബല വിഭാഗങ്ങൾക്കിടയിൽ കൂടുതൽ പരിശോധന നടത്തുക, ഉയർന്ന അപകടസാധ്യത നേരിടുന്ന വ്യക്തികൾക്ക് പ്രത്യേക പരിചരണം നൽകുക, കൂടുതൽ പേർക്ക് പോഷകാഹാര പിന്തുണ നൽകുക തുടങ്ങിയവയാണ് കാമ്പെയ്നിന്റെ ഭാഗമായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ.

✪✪✪

ഇന്ത്യയും ജപ്പാനും തമ്മിൽ അർദ്ധചാലക സഹകരണത്തിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ എടുത്തു പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യ-ജപ്പാൻ ഫോറം ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു ജയശങ്കർ.

✪✪✪

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയ യുവജനോത്സവത്തിന്റെ ഭാഗമായ വികസിത് ഭാരത് യുവ നേതൃ സംവാദത്തിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് സമയ പരിധി അടുത്ത ചൊവ്വാഴ്ച വരെ നീട്ടി. ആദ്യ സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു. മേരാ യുവ ഭാരത് പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കുന്ന ക്വിസ് പരിപാടിയിലൂടെ മത്സരത്തിന്റെ ഒന്നാംഘട്ടം തുടങ്ങും. ഇതിൽ വിജയികളാകുന്നവർക്ക് നടത്തുന്ന ബ്ലോഗ്, ഉപന്യാസ മത്സരങ്ങൾക്ക് ശേഷം യുവ നേതൃ സംവാദത്തിലെ സംസ്ഥാന തല വിജയികളെ കണ്ടെത്തും.

✪✪✪

റിസർവ് ബാങ്ക് പുതിയ ദ്വൈമാസ സമ്പത്തികനയം പ്രഖ്യാപിച്ചു. റിപ്പോ - റിവേഴ്സ് റിപ്പോ നിരക്കുകളിൽ മാറ്റമില്ല - അടിസ്ഥാന പലിശ നിരക്ക് 6.50 ശതമാനം ആയി നിലനിർത്തി. 2023 ഫെബ്രുവരി മുതൽ ബെഞ്ച്മാർക്ക് പലിശ നിരക്കിൽ RBI വർദ്ധന വരുത്തിയിട്ടില്ല. ധന നയ സമിതിയുടെ യോഗം ബുധനാഴ്ച ആരംഭിച്ചിരുന്നു.

✪✪✪

വയനാട് മുണ്ടക്കൈ,ചൂരൽ മല ദുരന്തത്തിൽ സംസ്ഥാനം വിശദനിവേദനം നൽകിയത് വളരെ വൈകിയാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ അറിയിച്ചു. 2219 കോടി രൂപ സഹായം ആവശ്യപ്പെട്ട് നൽകിയ നിവേദനം മൂന്നരമാസം കഴിഞ്ഞാണ് കേന്ദ്രത്തിന് കിട്ടിയതെന്ന് വയനാട് MP പ്രിയങ്കാ ഗാന്ധിക്ക് നൽകിയ മറുപടിയിൽ കേന്ദ്രം വ്യക്തമാക്കി. നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതികൾ നഷ്ടപരിഹാരം സംബന്ധിച്ച പരിശോധന നടത്തിവരികയാണെന്നും അമിത് ഷാ അറിയിച്ചു.

✪✪✪

പലിശയിലും കൈകാര്യച്ചെലവുകളിലും കേരള ഫിനാൻഷ്യൽ കോർപറേഷൻ നിരവധി ഇളവുകൾ പ്രഖ്യാപിച്ചു. നടപ്പ് സാമ്പത്തികവർഷം 4,750 കോടി രൂപയുടെ വായ്പ നൽകി സംസ്ഥാനത്തെ സാമ്പത്തിക-വ്യാവസായിക വളർച്ച ത്വരിതഗതിയിലാക്കുക എന്ന ലക്ഷ്യത്തോടെ 2025 ഫെബ്രുവരി അഞ്ചുവരെ രണ്ടുമാസം നീളുന്ന പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു.

ഓഫർ കാലയളവിൽ വായ്പാ കൈകാര്യച്ചെലവുകളിൽ ഉപഭോക്താക്കൾക്ക് 50 ശതമാനം ഇളവ് ലഭിക്കും. 2025 മാർച്ച് 31ന് മുൻപ് അനുവദിക്കുന്ന വായ്പകൾക്കായിരിക്കും ഇളവ്.

✪✪✪

സംസ്ഥാനത്ത് ഒന്നാം വിള നെല്ലിന്റെ സംഭരണ വില അടുത്ത ആഴ്ചമുതൽ വിതരണം ചെയ്യും. നടപടികൾ പൂർത്തിയാക്കി തുക വിതരണം ആരംഭിക്കാൻ മന്ത്രി GR.അനിലിന്റെ അധ്യക്ഷതയിൽ പാലക്കാട്ട് ചേർന്ന യോഗം നിർദ്ദേശം നൽകി.

✪✪✪

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ നിന്ന് വിശുദ്ധി സേനയും ദേവസ്വം ബോർഡിന്റെ പവിത്രം ശബരിമലയും ചേർന്ന് 1500 ലോഡിലേറെ മാലിന്യം നീക്കം ചെയ്തു.

✪✪✪

ശബരിമലയിൽ ആരും അനുവദിച്ചതിൽ കൂടുതൽ ദിവസം തങ്ങുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് ഹൈക്കോടതി നിർദേശം നൽകി.

ഡോണർ മുറികൾ ബുക്കുചെയ്യാനാകുമെന്ന് വെർച്വൽ ക്യൂ പ്ലാറ്റ് ഫോമിലും ദേവസ്വം വെബ് സൈറ്റിലും പ്രസി ദ്ധീകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. മണ്ഡലകാലത്തും മാസ പൂജയ്ക്കും നട തുറക്കുന്ന ദിവസങ്ങളിലെല്ലാം ചിലർ

ശബരിമലയിൽ തങ്ങുന്നുണ്ടെന്ന സ്പെഷൽ കമ്മീഷണറുടെ റിപ്പോർട്ടിനെത്തുടർന്ന് കോടതി സ്വമേധയാ എടുത്ത ഹർജിയിലാണു നിർദേശം.

✪✪✪

ഇന്ത്യ- ഓസ്‌ട്രേലിയ, ബോർഡർ - ഗവാസ്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 4 വിക്കറ്റിന് 86 റൺസെടുത്തു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

അടുത്ത വർഷം നടക്കാനിരിക്കുന്ന WTC ചാമ്പ്യൻഷിപ്പിൽ ഫൈനൽ സ്ഥാനം ഉറപ്പാക്കാൻ ഇന്ത്യയ്ക്ക് രണ്ടാം ടെസ്റ്റിലെ വിജയം നിർണ്ണായകമാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC- മുഹമ്മദൻ S.Cയെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ബഹ്റൈനിലെ മനാമയിൽ ഇന്നാരംഭിക്കുന്ന ലോക വെയ്റ്റ്ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്ന് ഇന്ത്യൻ വനിതാ താരങ്ങൾ മത്സരിക്കും. 49 കിലോ വിഭാഗത്തിൽ ഗ്യാനേശ്വരി യാദവ്, കോമൺവെൽത്ത് ഗെയിംസ് വെള്ളിമെഡൽ ജേതാവായ ബിന്ധ്യാറാണി ദേവി, 64 കിലോ വിഭാഗത്തിൽ ദിതിമോണി സോനോവാൾ എന്നിവരാണ് ഇന്ത്യയ്ക്കായി മത്സരത്തിനിറങ്ങുന്നത്.

പുരുഷ വിഭാഗത്തിൽ ഈ വർഷം ഇന്ത്യൻ പ്രാതിനിധ്യമില്ല.

✪✪✪

സിംഗപ്പൂരിൽ ലോക ചെസ് ചാമ്പ്യൻഷിപ്പിലെ പത്താം റൗണ്ട് മത്സരം നാളെ നടക്കും.

ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ D. ഗുകേഷും നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനും ഇന്നലെ ഒമ്പതാം മത്സരത്തിലും സമനില പാലിച്ചു.

പരമ്പരയിൽ ഇരുവരും 4.5 പോയിന്റ് വീതം നേടി സമനിലയിൽ തുടരുകയാണ്.

✪✪✪

ബെംഗളൂരുവിലെ കോറമംഗല ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് ആരംഭിക്കുന്ന സീനിയർ നാഷണൽ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ മുൻനിര ഗ്രാപ്ലർമാർ പങ്കെടുക്കും.

24 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 700-ലധികം താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

✪✪✪

കായിക വകുപ്പ് നടപ്പാക്കുന്ന ഇ-സ്പോർട്സ് കേന്ദ്രങ്ങളിൽ ആദ്യത്തേത് ഏപ്രിൽ ആദ്യ വാരം തലശ്ശേരിയിൽ പ്രവർത്തനമാരംഭിക്കും. തലശ്ശേരി മണ്ഡലത്തിലെ കായികവകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി മന്ത്രി V അബ്ദുറഹ്മാനുമായി സ്പീക്കർ AN ഷംസീർ നിയമസഭാ ചേംബറിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം.

✪✪✪